സംസ്ഥാനത്ത്പൊലീസ് രാജ്: ഒ.രാജഗോപാൽ

തിരുവനന്തപുരം: സംസ്ഥാനത്ത് പൊലീസ് രാജാണ് നടപ്പാക്കുന്നതെന്ന് ഒ.രാജഗോപാൽ എം.എൽ.എ കുറ്റപ്പെടുത്തി. ശബരിമല കർമ്മസമിതി അദ്ധ്യക്ഷ കെ.പി.ശശികലയെ ശബരിമലയിൽ അറസ്റ്റ് ചെയ്ത പൊലീസ് നടപടിയിൽ പ്രതിഷേധിച്ച് ഡി.ജി.പി ഓഫീസിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ശബരിമല കർമ്മസമിതിയുടെ നേതൃത്വത്തിൽ വഴുതക്കാട് വിമെൻസ് കോളേജിൽ നിന്നാരംഭിച്ച മാർച്ച് ട്രിവാൻഡ്രം ക്ലബിന് മുന്നിൽ പൊലീസ് തടഞ്ഞു.കർമ്മസമിതി ജില്ലാ സംയോജക് ജി. പദ്മകുമാർ, മഹിളാമോർച്ച സംസ്ഥാന അദ്ധ്യക്ഷ വി.ടി.രമ, പ്രാന്തീയ ബൗദ്ധിക് പ്രമുഖ് കെ.പി.രാധാകൃഷ്ണൽ ബി.ജെ.പി ജില്ലാ പ്രസിഡന്റ് എസ്.സുരേഷ്, ഹിന്ദു ഐക്യവേദി സംസ്ഥാന സഹ ട്രഷറർ പി.ജ്യോതീന്ദ്രകുമാർ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.

ബാലരാമപുരത്ത് സി.പി.എം - ബി.ജെ.പി സംഘർഷം

■ എസ്.ഐ ഉൾപ്പെടെ നിരവധി പേർക്ക് പരിക്ക് ■ പൊലീസിനു നേരെയുള്ള ആക്രമണത്തിൽ മൂന്ന് സി.പി.എം പ്രവർത്തകർക്കെതിരെ കേസെടുത്തു

ബാലരാമപുരം: സി.പി.എം കോവളം നിയോജക മണ്ഡലം കമ്മിറ്റിയുടെ ജനമുന്നേറ്റ ജാഥയ്ക്കുശബരിമലകർമ്മസമിതിയുടെ നാമജപത്തിനും വേദിയായ അഗസ്ത്യാർ തെരുവിൽ ബി.ജെ.പി- സി.പി.എം സംഘർത്തിൽ എസ്.ഐ അടക്കം നിരവധി പേർക്ക് പരിക്ക്. ഇന്നലെ രാവിലെ 11 ഒടെയായിരുന്നു സംഭവം.

കാഞ്ഞിരംകുളം എസ്.ഐ പ്രതാപചന്ദ്രൻ, എസ്.എ.പി ക്യാമ്പിലെ സിവിൽ പൊലീസ് ഉദ്യോഗസ്ഥൻ ശ്രീജിത്ത്, സി.പി.എം ഡി.വൈ.എഫ്.ഐ നോർത്ത് ലോക്കൽ കമ്മിറ്റി സെക്രട്ടറി പുന്നയ്ക്കാട് ശ്രീഭവനിൽആർ.എസ്.വൈശാഖ്(23), ഡി.വൈ.എഫ്.ഐ കല്ലിയൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ശ്രീജിത്ത് (24), ഡി.വൈ.എഫ്.ഐ ബാലരാമപുരം നോർത്ത് ലോക്കൽ കമ്മിറ്റിയംഗം എസ്.എം നഗറിൽ മനു (27), വേലിക്കോട്ടുകോണം സ്വദേശി പ്രവീൺ (19), ഡി.വൈ.എഫ്.ഐ പ്രവർത്തകരായ ആനന്ദ് ജി.നാഥ്(21), വിമൽകുമാർ (25), ആകാശ്(17) എന്നിവർക്കും, വണിഗർ തെരുവിൽ ഗ്രീൻ ടി വി ചാനൽ പ്രവർത്തകൻ (അരുൺ), ഒത്തത്തെരുവ്സ്വദേശി സുബ്രഹ്മണ്യൻഎന്നിവർക്കുമാണ് പരിക്കേറ്റത്.

ഹർത്താലനുകൂലികൾ ബാലരാമപുരത്ത് പ്രകടനം നടത്തിയതിനു പിന്നാലെ അഗസ്ത്യാർ തെരുവിൽ കണ്ണൻഹാൻഡല്ലൂംസിന് സമീപം ജനമുന്നേറ്റയാത്രയുടെ ഭാഗമായി സി.പി.എം നാട്ടിയിരുന്ന കൊടികൾ ഹർത്താലനുകൂലികൾ കത്തിച്ചതാണ് സംഘർഷത്തിന് തുടക്കമിട്ടത്. സി.പി.എം കോവളം നിയോജകമണ്ഡലം കമ്മിറ്റിയുടെ ജാഥയ്ക്ക് അഗസ്ത്യാർ ക്ഷേത്രത്തിന് സമീപം സ്വീകരണമൊരുക്കിയിരുന്നു. ഇതിനു തൊട്ട് സമീപത്തായിരുന്നു ക്ഷേത്രത്തിന് മുന്നിൽ ശബരിമല കർമ്മസമിതിയുടെ നാമജപവും നടന്നത്. എന്നാൽജാഥ ഇതുവഴികടന്നുപോകുന്നത് സംഘർഷമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് ദേവസ്ഥാനം സെക്രട്ടറി നേതാക്കളെ അറിയിച്ചു.

ജാഥ പഴയകട ലൈൻ, വിനായകർ തെരുവ് എന്നിവിടങ്ങളിലൂടെ അഗസ്ത്യാർ ക്ഷേത്രത്തിന് സമീപം എത്തുമെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ സി.പി.എം ജനമുന്നേറ്റ ജാഥയ്ക്ക് ക്ഷേത്രത്തിന് സമീപം പ്രവർത്തകർ സ്വീകരണം നൽകിതിനു പിന്നാലെയാണ് സംഘർഷം നടന്നത്. ഇതിനിടെ ബി.ജെ.പി വാർഡ് മെമ്പറുടെയുണ്ടെന്ന് ദേവസ്ഥാനം സെക്രട്ടറി നേതാക്കളെ അറിയിച്ചു.

തൊട്ടു പിന്നാലെ ഇരുകൂട്ടരും കല്ലേറ് നടത്തി. ഇതിൽ നിരവധി വീടുകളുടെ ജനൽ ചില്ലുകളും ചെടിച്ചട്ടികളും തകർന്നു. പൊലീസ്ലാത്തി വീശിയതിനെ തുടർന്ന് പ്രവർത്തകർ ചിതറി ഓടി. കല്ലേറിൽ നിന്നു ബി.ജെ.പി പ്രവർത്തകർ പിൻവാങ്ങിയെങ്കിലും സംഘർഷം ബാലരാമപുരം ജംഗ്ഷനിലേക്ക് മാറി. സി.പി.എം ജാഥ കഴിഞ്ഞ് പാർട്ടി കാര്യാലയത്തിലേക്ക് മടങ്ങവേ യുവാക്കളായ പ്രവർത്തകർ പൊലീസിന് നേരെ കല്ലേറും അസഭ്യവർഷവും നടത്തി. മുതിർന്ന പാർട്ടി പ്രവർത്തകർ ഇടപെട്ട് പ്രവർത്തകരെ പിൻതിരിപ്പിച്ചതിനാൽ കൂടുതൽ സംഘർഷം ഒഴിവായി.

പഴയകട ഇടറോഡുകൾ വഴിയും പ്രവർത്തകർ പരസ്പരം കല്ലേറ് നടത്തിയതോടെ പൊലീസിനും സ്ഥിതിഗതികൾ നിയന്ത്രിക്കാനായില്ല. ബാലരാമപുരം ജംഗ്ഷനിന് സമീപം സി.പി.എം പ്രവർത്തകരുടെ ആക്രമണം പൊലീസിന് നേരെയായിരുന്നു. ഇത് പാർട്ടിക്കിടയിൽ ചർച്ചാവിഷയമായിട്ടുണ്ട്. പൊലീസിനെതിരെ വ്യക്തിവൈരാഗ്യമുള്ള ഒരു വിഭാഗം പ്രവർത്തകരാണ് ഈ ഭാഗത്ത് അക്രമം അഴിച്ചുവിട്ടത്. ഇരുകൂട്ടർക്കെതിരെയും കേസെടുത്തതായി സി.ഐ അറിയിച്ചു.

നെയ്യാറ്റിൻകര ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മൂന്ന് സി.പി.എം പ്രവർത്തകർക്കെതിരെ കേസെടുത്തതായി നെയ്യാറ്റിൻകര ഡി.വൈ.എസ്.പി സുരേഷ്കുമാർ അറിയിച്ചു.

സംഘർഷം നടന്ന അഗസ്ത്യാർ തെരുവ്

പരിക്കേറ്റ സി.പി.എം പ്രവർത്തകരെ ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ സന്ദർശിക്കുന്നു

അനെർട്ട് സോളാർ പവർ പാക്ക് ഡിസൈൻ ചലഞ്ച്

തിരുവനന്തപുരം : കേരളത്തിലെ തെരുവോരങ്ങളിൽ പഴം-പച്ചക്കറി, മത്സ്യ മാർക്കറ്റ്, തട്ടുകടകൾ തുടങ്ങിയ സംരംഭകർക്ക് അവരുടെ തൊഴിലിടങ്ങളിൽ സോളാർ പവർ പാക്ക് എന്ന സൗരോർജ്ജ സംവിധാനം ഡിസൈൻ ചെയ്യുന്നതിന് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, ഏജൻസികൾ, ഉത്പാദകർ, വ്യവസായികൾ എന്നിവരെ പങ്കെടുപ്പിച്ച് അനെർട്ട് സോളാർ ഡിസൈൻ ചലഞ്ച് അവതരിപ്പിക്കുന്നു.

ലൈറ്റ്, മൊബൈൽ ചാർജർ, റേഡിയോ, എം.പി.3 പ്ലയർ, എൽ.ഇ.ഡി ടോർച്ച് എന്നിവ ഉൾപ്പെടുന്ന സംവിധാനമാണ് സോളാർ പവർ പാക്ക്. ലളിതവും മിതമായ വിലയിലും ലഭ്യമാക്കാൻ കഴിയുന്നതുമായ ഡിസൈന് ഒന്നാം സമ്മാനം 1 ലക്ഷം രൂപയും 50,000, 25,000 രൂപ വീതം യഥാക്രമം രണ്ടും മൂന്നും സമ്മാനമായും നൽകുന്നു.

അനെർട്ടിന്റെ ഈ പദ്ധതിയിൽ വർക്കിംഗ് മോഡൽ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 26 ആണ്. കൂടുതൽ വിവരങ്ങൾക്ക്: www.anert.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

പേട്ടയിലെ വധശ്രമക്കേസ്: ജാമ്യ ഹർജി തള്ളി

തിരുവനന്തപുരം : പേട്ട -ആനയറ മേൽപ്പാലത്തിന് സമീപത്തുവച്ച് കരിക്കകം സ്വദേശികളായ യുവാക്കളെ കാറിടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി മൂന്നാം മനയ്ക്കൽ റെയിൽവേ ഗേറ്റിന് സമീപം പ്രദീപ് ഭവനിൽ വിജയകുമാറിന്റെ ജാമ്യ ഹർജി കോടതി തള്ളി. അഡിഷണൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേട്ട് ടി.കെ. സുരേഷാണ് ജാമ്യ ഹർജി തള്ളിയത്.

പേട്ട പൊലീസിന്റെ ആവശ്യപ്രകാരം പ്രതിയെ രണ്ട് ദിവസത്തെ പൊലീസ് കസ്റ്റഡിയിൽ വിട്ടു.

കഴിഞ്ഞ ഞാറാഴ്ചയാണ് പേട്ട മേൽപ്പാലത്തിന് സമീപത്തുവച്ച് കരിക്കകം സ്വദേശികളായ ശിവരാജ്, ശിവപ്രസാദ് എന്നിവരെ വിജയകുമാർ കൊലപ്പെടുത്താൻ ശ്രമിച്ചത്. ശിവപ്രസാദ് ഓടിച്ചിരുന്ന ബൈക്കിന് പിറകിൽ ഇടിച്ച ശേഷം വിജയകുമാർ തന്റെ കാർ പിറകോട്ടെടുത്ത് ശിവരാജിന്റെ ദേഹത്ത് കയറ്റിയിറക്കുകയായിരുന്നു.

ശിവരാജിന്റെ മരണമൊഴിയിൽ ഇക്കാര്യം മജിസ്ട്രേട്ടിനോട് പറയുന്നുണ്ട്. വിജയകുമാറിനെതിരെ വധശ്രമത്തിനാണ് കേസ് എടുത്തിട്ടുള്ളത്.

പ്രതി കാർ കയറ്റികൊല്ലാൻ ശ്രമിച്ചതിന് വ്യക്തമായ തെളിവുകളും മൊഴിയും ഉള്ളപ്പോൾ പ്രതിക്ക് ജാമ്യം അനുവദിക്കരുതെന്ന സീനിയർ ഗ്രേഡ് എ.പി.പി. ശുഭകുമാരിയുടെ വാദം പരിഗണിച്ചാണ് കോടതി ജാമ്യം നിഷേധിച്ചത്.

സോഷ്യൽ മീഡിയ വഴി പ്രണയം നടിച്ച് പണവും സ്വർണവും തട്ടിയ രണ്ടുപേർ അറസ്റ്റിൽ

കഴക്കൂട്ടം: ചേങ്കോട്ടുകോണം സ്വദേശിയായ പെൺകുട്ടിയെ സോഷ്യൽ മീഡിയ വഴി പ്രണയം നടിച്ച് പണവും സ്വർണവും തട്ടിയെടുത്ത രണ്ടു പേർ പിടിയിൽ. കടകംപള്ളി കണ്ണാന്തുറ പള്ളിവിളാകം വീട്ടിൽ കാർത്തിക് എന്ന സുധീഷ് കുമാർ(27), കണ്ണാന്തുറ പുതുവൽപുത്തൻ വീട്ടിൽ ശ്രീജിത്ത് വിജയൻ(19) എന്നിവരാണ് അറസ്റ്റിലായത്.

ആറുമാസം മുമ്പ് ഫേസ്ബുക്ക് വഴി പരിചയപ്പെടുകയും പെൺകുട്ടിയുടെ ഫോട്ടോ മൊബൈൽ ഫോണിൽ എടുക്കുകയും ഇത് മോർഫ് ചെയ്ത് സോഷ്യൽമീഡിയിൽ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി പെൺകുട്ടിയിൽ നിന്നു പലതവണകളായി 42000രൂപയും സ്വർണവളയും തട്ടിയെടുക്കുകയായിരുന്നെന്ന് പൊലീസ് പറഞ്ഞു. സംശയം തോന്നിയ രക്ഷിതാക്കൾ കുട്ടിയിൽ നിന്നു വിവരങ്ങൾ മനസിലാക്കി കഴക്കൂട്ടം പൊലീസിൽ പരാതിപ്പെടുകയായിരുന്നു. തുടർന്ന് പൊലീസ് ഇവരെ തന്ത്രപരമായി കൂടുക്കുകയായിരുന്നു. കഴക്കൂട്ടം ഇൻസ്പെക്ടർ എസ്.എച്ച്.ഒ എസ്.വൈ. സുരേഷിന്റെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടർമാരായ സുധീഷ് കുമാർ, റോയ്, സി.പി.ഒ മാരായ അരുൺ കുമാർ, സന്തോഷ്, ബിജു, ശ്യാംലാൽ വനിത സി.പി.ഒ ബീന എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

അറസ്റ്റിലായ പ്രതികൾ

തോന്നയ്ക്കൽ സായിഗ്രാമത്തിൽ നടന്ന സായി സ്മരണ സമ്മേളനം ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു.എക്സിക്യൂട്ടീവ് ഡയറക്ടർ കെ.എൻ.ആനന്ദകുമാർ,കെ.ഗോപകുമാരൻ നായർ, എം.എ. ലത്തീഫ്, മംഗലപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മധു തുടങ്ങിയവർ പങ്കെടുത്തു

വക്കം പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റിനെ ആക്രമിച്ച് അഞ്ചരപ്പവൻ കവർന്നു

കടയ്ക്കാവൂർ: ബി.ജെ.പി വക്കം പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് സജിയെ വഴിയിൽ തടഞ്ഞു നിറുത്തി ആക്രമിക്കുകയും അഞ്ചരപ്പവന്റെ സ്വർണമാല കവർന്നതായും പരാതി. ചെവ്വാഴ്ച രാത്രി ഒമ്പതരയോടെ വക്കം മുന്നാലും മുട്ടിന് സമീപമായിരുന്നു സംഭവം.

സജി കുടുംബവീട്ടിൽ പോയി തിരിച്ചുവരവെ രണ്ടുപേർ മുന്നാലും മുട്ടിന് സമീപം വച്ച് വാഹനം തടഞ്ഞു നിറുത്തി ആക്രമിക്കുകയും മാല തട്ടിയെടുത്തെന്നും കടയ്ക്കാവൂർ പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു.

മൂന്നാലും മുട് കേന്ദ്രീകരിച്ച് രാത്രി കാലങ്ങളിൽ യാത്രക്കാർക്ക് നേരെ ആക്രമണം പതിവാണെന്നും പ്രതികളെ അടിയന്തരമായി പിടികൂടിയില്ലെങ്കിൽ ശക്തമായ സമര പരിപാടികൾക്ക് രൂപം നൽകുമെന്ന് യുവമോർച്ച് ആറ്റിങ്ങൽ മണ്ഡലം പ്രസിഡന്റ് നഗരൂർ വിമേഷ് അറിയിച്ചു.

സായിഗ്രാമത്തിൽ 'സായി സ്മരണ' ഉദ്ഘാടനം

ആറ്റിങ്ങൽ: ശ്രീ സത്യസായി ബാബയുടെ 93-ാമത് ജന്മദിനാഘോഷത്തിന്റെ ഭാഗമായി സായിഗ്രാമത്തിൽ നടന്ന 'സായി സ്മരണ' ഉമ്മൻചണ്ടി ഉദ്ഘാടനം ചെയ്തു. ട്രസ്റ്റ് സീനിയർ വൈസ് ചെയർമാൻ കെ.ഗോപകുമാരൻ നായർ അദ്ധ്യക്ഷത വഹിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ കെ.എൻ.ആനന്ദകുമാർ, കെ.പി.സി.സി മെമ്പർ എം.എ. ലത്തീഫ്, മംഗലപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മധു, ചിറയിൻകീഴ് ബ്ലേക്ക് പഞ്ചായത്ത് മെമ്പർ ഇളമ്പ ഉണ്ണികൃഷ്ണൻ, മംഗലപുരം ഷാഫി, അജികുമാർ, സി.കെ.രവി, ഡോ.വി.വിജയൻ, ഇ.എസ്. അശോക്കുമാർ, തോന്നയ്ക്കൽ രവി, ബി.ജയചന്ദ്രൻ നായർ എന്നിവർ സംസാരിച്ചു.

തുല്യ ജോലിക്ക് തുല്യ വേതനം നൽകണം

തിരുവനന്തപുരം: ആശുപത്രിയിലെ കരാർ ജീവനക്കാർക്ക് തുല്യ ജോലിക്ക് തുല്യ വേതനം നൽകാനുള്ള സുപ്രീം കോടതി ഉത്തരവ് നടപ്പാക്കണമെന്ന് കേരള ഗവൺമെന്റ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി എംപ്ലോയീസ് യൂണിയൻ (കെ.ജി.എച്ച്.ഡി.എസ്.ഇ.യു), എസ്.എ.ടി ബ്രാഞ്ച് ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു.

തസ്തികകയ്ക്ക് അനുസരിച്ച് യൂണിഫോം നടപ്പിലാക്കണമെന്നും സ്ഥിരം, താത്കാലിക ജീവനക്കാർ എന്ന വിവേചനം അവസാനിപ്പിക്കണം. യോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ കെ.ജി.എച്ച്.ഡി.എസ്.ഇ.യു സംസ്ഥാന സെക്രട്ടറി കെ. സുനിൽകുമാർ, ജില്ലാ കമ്മിറ്റി അംഗം ബി.എസ്. ബാലു, സിന്ധു, ബ്രാഞ്ച് സെക്രട്ടറി സുനിത എന്നിവർ സംസാരിച്ചു.

കുറ്റവാളികളെ പിടികൂടിയില്ലെങ്കിൽ പ്രതിഷേധം: മേലാംകോട് എൻ.എസ്.എസ്

നേമം: മേലാംകോട് എൻ.എസ്.എസ് കരയോഗ മന്ദിരത്തിനു നേരെയുണ്ടായ ആക്രമം 2 ആഴ്ച പിന്നിട്ടിട്ടും കുറ്റവാളികളെ പിടികൂടാത്തതിൽ ശക്തമായ പ്രതിഷേധ നടപടികളെടുക്കാൻ കരയോഗം തീരുമാനിച്ചു. ഇന്നലെ വൈകിട്ട് മേലാംകോട് നടന്ന എക്സിക്യൂട്ടീവ് യോഗമാണ് തീരുമാനമെടുത്തതെന്ന് സെക്രട്ടറി രവീന്ദ്രൻ നായർ അറിയിച്ചു. കരയോഗ മന്ദിരത്തിലെ ചട്ടമ്പിസ്വാമി പ്രതിമ സൂക്ഷിച്ചിരുന്ന കണ്ണാടി കൂട് തകർത്തതിന് പുറമെ സൺഷേഡിൽ വച്ച റീത്തിന്റെ ചുവടു പിടിച്ചാണ് അന്വേഷണം പുരോഗമിക്കുന്നതെന്ന് പൊലീസ് പറഞ്ഞു. കരമനയിൽ രാത്രി വൈകി പ്രവർത്തിക്കുന്ന പൂക്കടയിൽ നിന്നും റീത്ത് വാങ്ങിയ രണ്ടു പേരുടെ ചിത്രം സി.സി.ടി.വി ദൃശ്യത്തിൽ പതിഞ്ഞിട്ടുണ്ടെങ്കിലും മുഖം വ്യക്തമല്ല. അന്വേഷണം ഊർജിതമായി നടക്കുന്നുവെന്നും എത്രയും വേഗം കുറ്റവാളികൾ പിടിയിലാകുമെന്നും അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു.

സിനിമ

■ന്യൂ (2323244) :: ■SCREEN 1 - TAXIWALA (Telugu- 11.15, 6.15, 9.30) ആനക്കള്ളൻ (M- 2.30)
■SCREEN 2 - ധ്രാമ (M - 11.15, 2.30, 6.15, 9.30)
■SCREEN 3 - ആനക്കള്ളൻ (M - 11.15, 2.30, 6.15, 9.30)
■ശ്രീകുമാർ (2331222) :: സർക്കാർ (T- 11.15am, 2.30pm, 6.15pm, 9.30pm)
■ശ്രീവിശാഖ് (2331222) :: THIMIRU PUDICHAVAN (T- 11.15, 2.30, 6.15, 9.30)
■ശ്രീപത്മനാഭ (2473999) :: നിത്യഹരിത നായകൻ (M- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: സർക്കാർ (T- 11.00, 2.30, 6.00, 9.30)
■അജന്ത (2472825) :: ലഡു (M- 11.15, 2.15) JOSEPH (M- 6.15, 9.15)
■കൃപ :: ലഡു (M- 10.30 am, 4.20 pm) ഒരു കുപ്രസിദ്ധ പയ്യൻ (M- 12.15, 6.30) RATSASAN (T- 12.15, 6.30) THE CRIMES OF GRINDEWALD (E- 3.30 pm, 9.45 pm) BOHEMIAN RHAPSODY (E- 6.20 pm) സർക്കാർ (T- 10.30 pm)
■കലാഭവൻ :: മൊട്ടിട്ടമുല്ലകൾ (M- 11.30, 2.30) നിത്യഹരിത നായകൻ (M- 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E- 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: JOSEPH (M- 11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: ഒരു കുപ്രസിദ്ധപയ്യൻ (M - 11.15, 2.30, 6.15, 9.30)
■നിള (2332747) :: സർക്കാർ (M- 11.00, 2.30) JOHNY JOHNY YES APPA (M- 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M- 9.30)
■ധന്യ (2476773) :: സർക്കാർ (T- 11.15) ലഡു (M- 2.30, 6.15, 9.30)
■രമ്യ (2476773) :: THE CRIMES OF GRINEWALD (E- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1 - FANTASTIC BEASTS (E- 11.15, 2.45) സർക്കാർ (T- 6.30, 10.30)
■Audi 2 - തിമിരു പുടിച്ചവൻ (T- 11.00, 4.30, 10.45) KAATRIN MOZHI (T- 1.30, 8.00)
■Audi 3 - 96 (M- 10.30) കായംകുളം കൊച്ചുണ്ണി (T - 1.30, 7.20 pm) PIHU (T- 4.30, 10.45)
■Audi 4 - നിത്യഹരിത നായകൻ (M- 10.30, 4.30) ലഡു (1.45, 7.45) നിത്യഹരിതനായകൻ (M- 4.30 pm) JOSEPH (M- 10.45 pm)
■Audi 5 - രാക്ഷസൻ (T- 11.00 am, 10.30 pm) സർക്കാർ (T- 2.30 pm) FANTASTIC BEASTS (E- 7.00 pm)
■Audi 6 - JOSEPH (M- 10.30 am) ഒരു കുപ്രസിദ്ധപയ്യൻ (M- 1.30, 7.45) BOHEMIAN RHAPSODY (E- 4.45, 10.45)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ)
96 (T- 10.00 am, 10.30 am, 4.00 am, 7.10 pm, 10.20 pm)
ആനക്കള്ളൻ (M- 1.00 pm)
BAAZAAR (H- 1.45 pm)
BADHAAI HO (H- 7.00 pm)
ഡാകിനി (M- 1.00 pm)
ഫ്രഞ്ച് വിപ്ലവം (M- 12.50 pm, 9.30 pm)
GOOSE BUMPS-2 HAUNT (E- 1.00 pm, 4.45 pm)
HALLOWEEN (E- 3.20 pm, 10.20 pm)
HELLO GURU PREMA KOSAME (Telugu- 6.00 pm)
JOHNY JOHNY YES PAPA (M- 10.00 am, 4.00 pm, 7.00 pm, 10.00 pm)
കായംകുളംകൊച്ചുണ്ണി (M- 9.45 am, 12.55 pm, 4.10 pm, 6.00 pm, 7.25 pm, 9.45 pm, 10.45 pm)
KOODASHA (M- 10.15 am)
നോൺസെൻസ് (M- 4.00 pm)
പടയോട്ടം (M- 7.00 am)
PARIYERUM PERUMAL (T- 9.45 pm)
രാക്ഷസൻ (T- 12.40 pm, 7.00 pm, 10.00 pm)
തീവണ്ടി (M- 10.00 pm)
VADA CHENNAI (T- 3.40 pm)
■കഴക്കൂട്ടം കുഞ്ഞു (2418144) :: നിത്യഹരിതനായകൻ (M- 11.15, 2.30, 9.30) ഒരു കുപ്രസിദ്ധപയ്യൻ (M- 6.15)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ലഡു (M- 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളംകൊച്ചുണ്ണി (M- 11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: THUGS OF HINDUSTAN (H- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: JOSEPH (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ യമുന (2629973):: ലഡു (M - 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: THIMIRU PUDICHAVAN (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: സർക്കാർ (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: നിത്യഹരിതനായകൻ (M- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യപ്രാരഡൈസ് (620920):: KAATRIN MOZHI (T- 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (04702602339) :: NONSENSE (M- 11.00, 2.30, 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M- 9.30)
■വർക്കല വിമല (9895233785) :: നിത്യഹരിതനായകൻ (M- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർസിനിമ (2602344) :: ഒരു കുപ്രസിദ്ധപയ്യൻ (M- 11.00, 2.30, 6.15, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302):: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യപ്രാരഡൈസ് (2813259):: സർക്കാർ (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: THIMURU PUDICHAVAN (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി:: ■screen 1 : നിത്യഹരിതനായകൻ (M- 10.45, 2.15, 6.00, 9.15)
■screen 2 : സർക്കാർ (T- 11.00) കായംകുളംകൊച്ചുണ്ണി (M- 2.30, 6.15, 9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1 - ഗജനികാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2 - ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3 - KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4 - കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5 - JUNGA (T- 11.00, 2.30) ഒരുപഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M- 2.30, 6.15) അച്ചം എമ്പത് മടമയ്യെട (T- 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണതത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1 - സർക്കാർ (T- 11.15, 2.30, 6.15, 9.30)
■Tela 2 - ലഡു (M- 11.00, 2.15, 6.30, 9.45)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: നിത്യഹരിതനായകൻ (M- 11.15, 2.30, 6.15, 9.30)
■വെഞ്ഞാറമൂട് സിസ്സു (9746159088):: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.30, 6.30) ആനക്കള്ളൻ (M- 2.30, 9.30)
■കാട്ടാക്കട ജയവിനായക (2290867):: ■screen 1 - ആട് -2 (M- 11.00, 2.15, 6.15, 9.15) ■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദ്രീപ (9447553618):: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T- 10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: സർക്കാർ (T- 11.00 am, 2.30 pm, 6.15 pm, 9.15 pm)
■കല്ലറ ARS (9526906021):: കമ്മാരസംഭവം (M- 2.30, 6.30)
■പടന്താലുമൂട് IMP :: സർക്കാർ (T- 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സൗമ്യലയ: (9188628546):: ■സ്വരം - THIMIRU PUDICHAVAN (M- 11.30, 2.30, 6.15, 9.30)
■ലയം - ലഡു (M- 11.15, 2.15, 9.15) കായംകുളംകൊച്ചുണ്ണി (M- 6.30)

ഇന്ന്

തൈക്കാട് ഗണേശം: സൂര്യ തിയേറ്റർഫെസ്റ്റിവെലിൽകഴ്സ്ഓഫ് ഉർവശി-6.45ന്

കളം കണ്ണമ്മൂല കാമ്പസ്: ഏകദിന സ്റ്റേജ് മേയ്ക്കപ്ഷില്പശാല-9ന്

തീരത്ഥപാദമണ്ഡപം: മനസ്നാടകം സഹൃദയ സംഘത്തിന്റെ നാടകം വിരുന്നിൽ നാടകം-ഉമ്മറപടിയിൽ ഒരു മുത്തച്ഛൻ-6.45ന്

പൊട്ടക്കുഴി എ.കെ.ജി പാർക്ക്: പൊട്ടക്കുഴി റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സൗജന്യ പ്രമേഹ രോഗ നിർണയ ക്യാമ്പും ബോധവത്കരണ ക്ലാസും-7.45ന്

പാളയം മസ്ജിദ് അങ്കണം: മിലാദ് പ്രഭാഷണ പരമ്പര-6.30ന്

വെട്ടുകാട് മ